# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2183 05-05-2017-ൽ മറുപടിക്ക്

## അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.സ്വരാജ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സർക്കാർ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; | (എ) | അസംഘടിത മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ നിലവിൽ 16 ക്ഷേമനിധി ബോർഡുകളും 11 ക്ഷേമപദ്ധതികളും ഉണ്ട്. പ്രസ്തുത ക്ഷേമപദ്ധതികളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുമായി 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പുതുതായി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതികളുടെ പ്രയോജനം കൂടുതൽ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിലേക്കായി സർക്കാർ നടപടി സ്വീകരിക്കുമോ;<br>(സി) എങ്കിൽ ഇവയുടെ വിശദാംശം അറിയിക്കുമോ? | (ബി) & (സി) | സ്വീകരിച്ചിട്ടുണ്ട്. പുതുതായി രൂപീകരിച്ച 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ എല്ലാ അസംഘടിത തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ